LIBRARY ARCHIVES Kerala Legislative Assembly

നിർഭയ ഷെൽട്ടറുകൾ

169 (2802) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർഭയ ഷെൽട്ടറുകൾ ആരംഭിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നതെന്ന് വിശദമാക്കാമോ ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിലായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. നിർഭയ ഷെൽട്ടർ ഹോം ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇപ്പോൾ 9 ജില്ലകളിലായി 10 ഹോമുകൾ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ രണ്ടും എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം, ഇടുക്കി, പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ ഓരോ ഹോമുകളും ആരംഭിച്ചിട്ടുണ്ട്.

(ബി) ലൈംഗിക പീഡനത്തിന് വിധേയരായി സ്വന്തം ഭവനത്തിൽ തുടരുവാൻ കഴിയാത്ത അവസ്ഥയിലുള്ള കുട്ടികളെയും സ്ത്രീകളെയുമാണ് നിർഭയ ഷെൽട്ടർ ഹോമിൽ താമസിപ്പിക്കുന്നത്. പീഡനത്തിന് വിധേയരായ വ്യക്തികൾക്ക് മാനസികാരോഗ്യം വീണ്ടെടുക്കുവാനും ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് തിരിച്ചു കൊണ്ടുവരുവാനും വിദ്യാഭ്യാസത്തിനും തൊഴിൽ പരിശീലനത്തിനും ഷെൽട്ടർ ഹോമിൽ അവസരമൊരുക്കുന്നു. പീഡിതയുടെ സംരക്ഷണം ഉറപ്പാക്കുന്നതിനും കാര്യക്ഷമമായ പ്രോസിക്യൂഷനും ഒരു സുരക്ഷിത സ്ഥാനം എന്ന നിലയിലാണ് നിർഭയ ഷെൽട്ടർ ഹോം പ്രവർത്തിക്കുന്നത്.

(സി) വിവിധ സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. സന്നദ്ധ സംഘടനകളുടെ വിവരം ചുവടെ ചേർക്കുന്നു:

കേരള മഹിളാ സമഖ്യ സൊസൈറ്റി- തിരുവനന്തപുരം, ഇടുക്കി, പാലക്കാട്, വയനാട്, മലപ്പുറം, കാസർഗോഡ്

അന്വേഷി വിമൻസ് കൗൺസിലിംഗ് സെന്റർ-കോഴിക്കോട്

കൾച്ചറൽ അക്കാദമി ഫോർ പീസ്-എറണാകുളം

ബഥേസ്ത ചാരിറ്റബിൾ ട്രസ്റ്റ്-തൃശ്ശൂർ

കൂടാതെ ആരോഗ്യ വകുപ്പ്, നിയമ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, സാമൂഹ്യ നീതി വകുപ്പ് തുടങ്ങിയ വകുപ്പുകളും പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നു.

(ഡി) പദ്ധതി നടത്തിപ്പിനായി 9 ജില്ലകളിലായി 10 ഷെൽട്ടർ ഹോമുകൾ ആരംഭിച്ചിട്ടുണ്ട്. എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ 3 സന്നദ്ധ സംഘടനകൾക്കും തിരുവനന്തപുരം, മലപ്പുറം, ഇടുക്കി, പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ കേരള മഹിളാ സമഖ്യ സൊസൈറ്റിക്കും ഹോമുകളുടെ മേൽനോട്ട ചുമതല നൽകിയിട്ടുണ്ട്. തിരുവനന്തപുരം, വയനാട്, തൃശ്ശൂർ ജില്ലകളിലെ ഹോമുകൾ ഒഴികെ മറ്റെല്ലാ ജില്ലകളിലും വാടക കെട്ടിടങ്ങളിലാണ് ഹോമുകൾ പ്രവർത്തിക്കുന്നത്.

10 ഷെൽട്ടർ ഹോമുകളിലേയ്ക്കും മതിയായ ജീവനക്കാരെ തെരഞ്ഞെടുത്തിട്ടുണ്ട്. ഷെൽട്ടർ ഹോം ജീവനക്കാർക്ക് 4 ഘട്ടമായി പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. എല്ലാ ഹോമുകൾക്കും പ്രവർത്തനം നടത്തുന്നതിനായി 3 മാസത്തെ തുക ഒരുമിച്ച് അനുവദിച്ച് നൽകുകയാണ് ചെയ്തുവരുന്നത്.

വയോമിത്രം

170 (2803) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയോജനങ്ങളുടെ ആരോഗ്യസംരക്ഷണ പദ്ധതി-വയോമിത്രത്തിനു ഓരോ വർഷവും നീക്കിവച്ച തുക എത്ര ; ചെലവഴിച്ചതിന്റെ കണക്ക് വ്യക്തമാക്കാമോ ;

(ബി) പദ്ധതി നടപ്പിലാക്കാൻ തദ്ദേശസ്ഥാപനങ്ങൾ 10 ലക്ഷം രൂപ മുൻകൂർ സംഭാവന ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly